കേരള കാർഷിക സർവ്വകലാശാല
കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം
സദാനന്ദപുരം പി ഒ, കൊട്ടാരക്കര,കൊല്ലം
ഫോൺ: 0474-2663535 ഇ-മെയിൽ :fsrskottarakkara@kau.in

**ക്വട്ടേഷൻ നോട്ടീസ്**

നമ്പർ എഫ്.എസ് (4)134/2021 തീയതി : 22.01.2021

ഈ സ്റ്റേഷനിലെ ഏരിയ 2 ലെ താഴെപ്പറയുന്ന പ്രവർത്തികൾ ചെയ്യുന്നതിന് ജെ.സി.ബി/ഹിറ്റാച്ചി ആവശ്യമുണ്ട്.

- ഏരിയ II ലെ ഏകദേശം 4 ഏക്കറോളം വരുന്ന പ്രദേശം മണ്ണിളക്കി നിരപ്പാക്കി 12 മീറ്ററോളം വീതിയുള്ള തട്ടുകളാക്കി തിരിക്കുക.
- തട്ടുകൾ നിലവിലെ കോണ്ടൂർ നിരപ്പിന് അനുസരിച്ചായിരിക്കണം.
- ബാക്കി നിൽക്കുന്ന റബ്ബർക്കുറ്റികൾ പിഴുതുമാറ്റി കൂട്ടിയിടുക.
- ട്രാക്ടർ പോകുന്ന വീതിയിൽ ഫാം റോഡുകൾ ആവശ്യമായ സ്ഥലത്ത് ഉണ്ടാക്കുക.
- പണി തുടങ്ങി 20 ദിവസത്തിനുള്ളിൽ പൂർത്തിയാക്കണം.

മേൽപ്പറഞ്ഞ പ്രവർത്തികൾ ചെയ്യുന്നതിന് താല്പര്യമുള്ളവരിൽ നിന്നും മത്സര സ്വഭാവമുള്ളതും, മുദ്രവച്ചതുമായ ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ജെ.സി.ബി/ഹിറ്റാച്ചി യുടെ മണിക്കൂറിനുള്ള വണ്ടി വാടക രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ 01/02/2021 പകൽ **2.30**–ന് മുമ്പായി പ്രൊഫസ്സർ ആന്റ് ഹെഡ്, കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം, സദാനന്ദപുരം പി. ഒ, കൊട്ടാരക്കര എന്ന വിലാസത്തിൽ ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. കവറിനു മുകളിൽ **"ജെ.സി.ബി/ഹിറ്റാച്ചി ഉപയോഗിച്ച് പ്രവർത്തികൾ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം പകൽ **3.00** മണിക്ക് തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആളിന്റെ പേരിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതായിരിക്കും.

ഓഫീസ് പ്രവൃത്തിദിവസങ്ങളിലും സമയത്തും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ നിർദ്ദേശത്തിലും മേൽനോട്ടത്തിലും പ്രവർത്തികൾ ചെയ്യേണ്ടതാണ്.

ക്വട്ടേഷൻ സ്വീകരിക്കുവാനും നിരസിക്കുവാനും മാറ്റിവയ്ക്കുവാനുമുള്ള അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

ഒപ്പ്
പ്രൊഫസ്സർ ആന്റ് ഹെഡ്

പകർപ്പ്: ശ്രീ. ഷിനോജ് പി, ഫാം മാനേജർ വെട്ടിക്കവല വില്ലേജ്/വെട്ടിക്കവല പഞ്ചായത്ത്/കൊട്ടാരക്കര മുനിസിപ്പാലിറ്റി/നോട്ടിസ് ബോർഡ് (2)/ഫയൽ

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്